എമ്മാവൂസ്
# വചനദൂത്



# കുമ്പസാരക്കൂട്ടിലെ രക്തസാക്ഷി

**ആഗസ്റ്റ് 04**

ഫാ. തോമസ് പെരുമ്പെട്ടിക്കുന്നേൽ

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ഇന്ന് തിരുസഭയിൽ നാം ആഘോഷിക്കുന്നു. പ്രത്യേകമായി എല്ലാ വൈദികരേയും ഓർക്കുകയും ദൈവത്തിനും ദൈവജനത്തിനും വേണ്ടി മധ്യവർത്തിയായി നിലകൊള്ളുന്ന അവരുടെ നിസ്വാർത്ഥ സേവനത്തിന് ദൈവതിരുമുമ്പിൽ നന്ദിയർപ്പിക്കുകയും ചെയ്യേണ്ട അവസരമാണിന്ന്. ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെ ആത്മീയമായി പിന്തുടരുന്ന ഒരേയൊരു വ്യക്തിയേയുള്ളൂ. അത് വൈദികനാണ്.

അടുക്കളയിലെ അമ്മയെപ്പോലെ വേതനമില്ലാതെ ജോലിചെയ്യുന്ന ഏക വ്യക്തി കൂടിയാണ് ഒരു വൈദികൻ. വിശുദ്ധ ഗ്രന്ഥത്തിലെ പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും "ഇടയൻ" എന്ന ചിന്തയും ചിത്രവുമാണ് വൈദികനെയും അവന്റെ ശുശ്രൂഷയുടെ മഹത്വത്തെയും ഓർമ്മിപ്പിക്കാൻ സഭ നൽകുന്നത്. ശ്രേഷ്ഠമായ ഉദാഹരണങ്ങളായി പഴയനിയമത്തിൽ ദാവീദും പുതിയനിയമത്തിൽ ഈശോയുമാണ് മുന്നിലുള്ളത്.

ഒരു ബലൂൺ വില്പനക്കാരൻ കുട്ടികളെ ആകർഷിക്കാൻ കൈവശമുള്ള ബഹുവർണ്ണ ബലൂണുകൾക്കിടയിൽ നിന്നും പിങ്ക് കളറുള്ള ബലൂൺ നൈട്രജൻ നിറച്ച് ഏറെ മുകളിലേക്ക് ഉയർത്തിപിടിച്ചു. ഇതു കണ്ട് ഒത്തിരി കുട്ടികൾ ആകർഷിതരും ആകുലരുമായി അദ്ദേഹത്തിന്റെ പക്കൽ വരാൻ തുടങ്ങി. ബുദ്ധികൂർമ്മതയുള്ള ഒരു കുട്ടി അതിനിടയിൽ നിന്നും അദ്ദേഹത്തോട് ചോദിച്ചു. "വ്യത്യസ്തമായ ആ കളറാണോ ആ ഒരു ബലൂണിനെ മാത്രം ഉയർത്തി നിർത്തിയിരിക്കുന്നത്." അദ്ദേഹം അവനോടു പറഞ്ഞു; 'കളറല്ല' അതിന്റെ

'ഉള്ളാ'ണ് അതിനെ ഉയർത്തി നിർത്തിയിരിക്കുന്നത്. ഒരു വൈദികനെ മുമ്പ് പ്രതിപാദിച്ച 'ഇടയൻ' രൂപമാക്കുന്നതും അവന്റെ ഉള്ളാണ്. ഉള്ളും ഉടലും ഉടയവനിൽ ഉടക്കിയിരിക്കുന്ന ഒരു വ്യക്തിയെ വിളിക്കുന്ന പേരാണ് 'ഇടയൻ'.

ഇടയന്റെ സവിശേഷതകൾ എന്തൊക്കെയെന്ന് യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ ഏഴ് അടയാളങ്ങളിലൂടെ പ്രതിപാദിക്കുന്നുണ്ട്.

1. ആടുകൾക്ക് സ്വതന്ത്ര സഞ്ചാരത്തിനുള്ള വാതിലാണ്. (10:7)
2. ആടുകളുടെ എത്ര കാറിച്ചകളും പൂർണ്ണമായി ശ്രവിക്കുന്നവനാണ്. (10:8)
3. ആടുകൾക്ക് നല്ല മേച്ചിൽ സ്ഥലം ഒരുക്കുന്നവനാണ്. (19:9)
4. ആടുകൾക്ക് സമൃദ്ധമായി ജീവൻ നൽകുന്നവനാണ്. (10:10)
5. ആടുകൾക്കായുസ്സും ജീവനും (എപ്പോൾ വേണമെങ്കിലും) അർപ്പിക്കുന്നവനാണ്. (10:11)
6. ആടുകളെ പൂർണ്ണമായും അറിയുന്നവനാണ്. (10:15)
7. ആടുകൾക്ക് ശ്രവിക്കാവുന്ന ഭാഷ സംസാരിക്കുന്നവനാണ്. (10:16)

ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ 'ഇടയൻ' 'ആടുകളുടെ മണമുള്ളവനാകണം' എന്നതാണ് പങ്കുവയ്ക്കുന്നത്. ഇത് പൂർണ്ണമാകണമെങ്കിൽ വിയാനി പുണ്യവാൻ പറഞ്ഞവ ഇടയന്റെ അന്തഃരംഗത്തിൽ എപ്പോഴും മുഴങ്ങി നിൽക്കുകയും വേണം. നിരന്തരം ആടുകൾക്കു വേണ്ടി (അജഗണം) ബലിയർപ്പിക്കുന്നവന് ഞാനർപ്പിക്കുന്നത് ആദ്യബലിയാണെന്നും അന്ത്യബലിയാണെന്നും ഏകബലിയാണെന്നുമുള്ള ഓർമ്മ വേണം. ഇതായിരിക്കട്ടെ നമ്മുടെ വൈദികർക്കുവേണ്ടിയുള്ള നമ്മുടെ ഇന്നത്തെ ആശംസയും പ്രാർത്ഥനയും.

ഇടയനെപ്പോഴും മറുകര ലക്ഷ്യമാക്കി നീങ്ങുന്നവൻ കൂടിയാവണം (Jn 6:1). ആരും ഒരു യാത്രയും ഒറ്റയ്ക്കല്ലല്ലോ ചെയ്യുക. സ്വന്തമായി ആരുമില്ലെങ്കിലും കൂടെ ആരെങ്കിലുമൊക്കെയുണ്ടാവും ഓരോ യാത്രികനും. ഒപ്പം യാത്ര ചെയ്യുന്നവരേക്കുറിച്ച് അറിയില്ലെങ്കിൽ പോലും ഒരു ശ്രദ്ധ ഉണ്ടാകും. എന്നത് ഒരു സത്യമാണ്. എന്തെങ്കിലും ആർക്കെങ്കിലും പറ്റിയാൽ അറിയാതെ തന്നെ ഒരു കൈ എങ്കിലും താങ്ങാൻ വരും. ഇതൊരു യാഥാർത്ഥ്യമെങ്കിൽ ഇടയൻ ഒപ്പം യാത്ര ചെയ്യുന്നവരെ മറുകരയെത്തിക്കാൻ വിളിക്കപ്പെട്ടവനും കടപ്പെട്ടവനുമാണ്. (Lk 8:26). (Mk 10:1) (Mk 6:45-52). ഇടയന്റെ ലക്ഷ്യം മറുകരയാവണം അതായത് പറുദീസ-സ്വർഗ്ഗം. ഒപ്പമുള്ളവരെ അവിടെയെത്തിക്കണം ഇടയൻ.

ലക്ഷ്യം മറുകരയല്ലാതെയായിപ്പോയ ഇടയന്മാരെല്ലാവരും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ വീഴുകയോ, വീഴ്ത്തപ്പെടുകയോ ചെയ്ത ചരിത്രമാണ് ഉള്ളത്. ഇസ്രായേലിന്റെ രാജാവായ സോളമൻ പരിപൂർണ്ണ വിശ്വസ്തത പാലിച്ചില്ല. അന്ത്യം ദാരുണമായിരുന്നു (രാജാ 11:4). ഇടയനും അഭിഷിക്തനുമായ ദാവീദ് ലക്ഷ്യം മറന്നത് സാമുവൽ 2-ാം പുസ്തകം ഓർമ്മിപ്പിക്കുന്നു. പ്രിയ ജനത്തെ മറുകരയെത്തിക്കാൻ ദൗത്യം ലഭിച്ച പല ഇടയരും (രാജാക്കന്മാർ) അത് മറന്നതും അതിന്റെ പരിണിത ഫലം ഏറ്റുവാങ്ങുന്നതുമായുള്ള കഥകൾ ദിനവൃത്താന്തം 2-ാം പുസ്തകത്തിലും വിവരിക്കുന്നുണ്ട്.

അതിനാൽ ഇടയന്മാർ മറുകരയെന്ന ലക്ഷ്യം മറക്കാതിരിക്കാൻ പ്രാർത്ഥനയിലൂടെ നമുക്ക് അവരെ ശക്തിപ്പെടുത്താം. മാമോദീസ മുതൽ ഓരോ വ്യക്തിക്കും ദൈവം ഓരോ ഇടയന്മാരെ നൽകുന്നുണ്ട്. അതുപോലെ കൂദാശകളും പ്രാർത്ഥനകളും ശുശ്രൂഷകളും ചെയ്യുമ്പോൾ ഓരോ വൈദികനും മറുകരയ്ക്കുള്ള തന്റെ യാത്രാവഞ്ചിയിൽ ആടുകളുടെ എണ്ണം കൂട്ടുകയാണ്. സുരക്ഷിതമായി തുഴഞ്ഞ് അക്കരെയെത്തിക്കാൻ അങ്ങേ ദാസന്മാരുടെ കരങ്ങൾക്ക് ബലമേകണേ ബലവാനേ എന്ന പ്രാർത്ഥന മാത്രം നമ്മുടെ അധരങ്ങളിൽ സൂക്ഷിക്കാം. ◆